ഉത്തരം

(എ) വരൾച്ചയും കാലവർഷവുംമൂലം 1531.79 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) കൃഷിക്കാർക്കുള്ള ധനസഹായമായി പ്രത്യേക തുക കേന്ദ്ര സർക്കാർ അനുവദിക്കാറില്ല. പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഞ്ചിത നിധിയിൽ നിന്നും ഇതിനുള്ള തുക അനുവദിക്കുകയാണ് ചെയ്യുന്നത്.

(സി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകുന്നതിനായി 3431.42 ലക്ഷം രൂപ വിവിധ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

ഇതിനകം 2638.92 ലക്ഷം രൂപ 2,47,492 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ കാലവർഷം മൂലം 177.45 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച ഫീൽഡ് പരിശോധനകൾ നടത്തിവരികയാണ്. അർഹരായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 19680 ഹെക്ടറിലെ കൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ട്. ഇതുമൂലം 177.45 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.

'വരൾച്ച സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനു നൽകിയ നിവേദനം'

42 [656] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കേരളത്തിലുണ്ടായ വരൾച്ച നേരിടുന്നതിന് സഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് എത്ര നിവേദനം നൽകി;

(ബി) നിവേദനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിലേക്ക് എത്ര തുക അനുവദിച്ചുവെന്നും പദ്ധതി തുകയേക്കാൾ എത്ര അധിക തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിന് സംസ്ഥാന ഗവൺമെന്റ് എന്തുതുക അനുവദിച്ചുവെന്നും എത്ര ചെലവഴിച്ചുവെന്നും ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ട് നിവേദനം നൽകി.

(ബി) കുടിവെള്ള വിതരണത്തിന് 412.33 കോടി രൂപയും, വാട്ടർ അതോറിറ്റി പദ്ധതികൾക്ക് 74.64 കോടി രൂപയും, കൃഷിനാശത്തിന് 1479.02 കോടി രൂപയും, വരൾച്ച ലഘൂകരണ പ്രവർത്തനങ്ങൾക്ക് 158.91 കോടി രൂപയും, പവർ മേഖലയ്ക്ക് 720.00 കോടി രൂപയും ഉൾപ്പെടെ മൊത്തം 2844.90 കോടി രൂപയുടെ ധനസഹായം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 49.04 കോടി രൂപ കേന്ദ്രം അനുവദിച്ചെങ്കിലും തുക ഇതുവരെ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജില്ലാ അടിസ്ഥാനത്തിൽ അനുവദിച്ച തുക:

ജില്ല	*തുക ലക്ഷത്തിൽ*
തിരുവനന്തപുരം	.. 627
കൊല്ലം	.. 450
പത്തനംതിട്ട	.. 400
ആലപ്പുഴ	.. 753
കോട്ടയം	.. 558
ഇടുക്കി	.. 601
എറണാകുളം	.. 385
തൃശ്ശൂർ	.. 540
പാലക്കാട്	.. 2027
മലപ്പുറം	.. 329
കോഴിക്കോട്	.. 295
വയനാട്	.. 1228
കണ്ണൂർ	.. 350
കാസറഗോഡ്	.. 362
ആകെ	.. 8905

ജില്ലാ അടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ പൂർണ്ണമായ വിവരം ലഭ്യമല്ല.

"കണ്ണൂർ ജില്ലയിൽ കൃഷി നഷ്ടപ്പെട്ടവർക്ക് ദുരിതാശ്വാസം"

43 [657] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ കണ്ണൂർ ജില്ലയിൽ ഉണ്ടായ ചുഴലിക്കാറ്റിലും മഴയിലും കർഷകർക്ക് കൃഷിനാശം സംഭവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി നിഷ്ടപ്പെട്ടവർക്ക് എന്തൊക്കെ ദുരിതാശ്വാസ നടപടികളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ;

(സി) ചെറുവാഞ്ചേരി പ്രദേശത്തെ പുവത്തൂരിലും മറ്റും ഇരുപതിനായിരത്തിൽപ്പരം വാഴകൾ ഒറ്റ ദിവസംതന്നെ നഷ്ടപ്പെട്ടിരിന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇവർക്ക് ധനസഹായം നൽകാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് കൃഷിനാശത്തിന് അർഹമായ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ തുക പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly